# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 17 | 2019 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.sabarimal.kerala..gov.in, prdsabarimala2020@gmail.com


---

## അത്യാഹിത ചികിത്സ: എമർജൻസി മെഡിക്കൽ സെന്ററുകളുടെ പ്രവർത്തനം ശ്രദ്ധേയമാകുന്നു

**** അത്യാഹിത ഘട്ടങ്ങളിൽ 203232 ൽ വിളിക്കാം***

പമ്പയ്ക്കും സന്നിധാനത്തിനുമിടയിൽ അയ്യപ്പഭക്തരുടെ ആരോഗ്യ പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുന്ന എമർജൻസി മെഡിക്കൽ സെൻററുകളുടെ പ്രവർത്തനം ശ്ലാഘനീയമാകുന്നു. തീർത്ഥാടകർക്ക് യാത്രാമധ്യേ അനുഭവപ്പെടുന്ന ഏതൊരു ആരോഗ്യ പ്രശ്നങ്ങൾക്കും അടിയന്തര പരിഹാരമൊരുക്കി സദാ സന്നദ്ധരായിരിക്കുകയാണ് എമർജൻസി മെഡിക്കൽ ടീം.

പരിശീലനം നേടിയ ആരോഗ്യ പ്രവർത്തകരുടെ സേവനം ഇവിടെ ലഭ്യമാണ്. രോഗിയുടെ ശാരീരികാസ്വസ്ഥതകൾ മനസ്സിലാക്കി പ്രാഥമിക ചികിത്സ നൽകുകയും ആവശ്യമെങ്കിൽ കൂടുതൽ ചികിത്സയ്ക്ക് മറ്റ് ആരോഗ്യ കേന്ദ്രങ്ങളിൽ എത്തിക്കുകയും ചെയ്യാൻ ഇവിടെ

സംവിധാനമുണ്ട്. അതിനാൽ അടിയന്തര ഘട്ടങ്ങളിൽ ആദ്യമേ തന്നെ ആംബുലൻസിനെ വിളിക്കുന്ന പ്രവണത ഒഴിവാക്കി എമർജൻസി മെഡിക്കൽ ടീമിനെ വിളിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് സന്നിധാനം സർക്കാർ ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ അറിയിച്ചു.

എന്ത് അത്യാഹിതമുണ്ടായാലും എന്താണ് സംഭവിച്ചത് എന്നു നോക്കാതെ ആംബുലൻസിനെ വിളിക്കുകയാണ് എല്ലാവരും ആദ്യം ചെയ്യുക. അത് തെറ്റാണ്. മെഡിക്കൽ കൺട്രോൾ റൂമിൽ 203232 എന്ന നംബറിൽ വിളിച്ച് പരിശീലനം നേടിയ എമർജൻസി മെഡിക്കൽ ടീമിന്റെ സേവനം ഉപയോഗപ്പെടുത്തണം.

രോഗിയുടെ യഥാർത്ഥ ആരോഗ്യാവസ്ഥ മനസ്സിലാക്കുകയും അതനുസരിച്ച് എന്തു തരം ചികിത്സയാണ് നൽകേണ്ടത് എന്നു തീരുമാനിക്കുകയും വേണം. അത്യാവശ്യമുള്ള എല്ലാ സജ്ജീകരണങ്ങളോടെയും മെഡിക്കൽ സംഘത്താറ് എത്താൻ കഴിയും.

സന്നിധാനത്ത് മാത്രം മൂന്ന് എമർജൻസി മെഡിക്കൽ സെന്ററുകളുണ്ട്. സന്നിധാനത്തു നിന്നും വെറും ഏഴു മിനിറ്റുകൊണ്ട് രോഗിയെ പമ്പയിലെത്തിക്കാനുള്ള അത്യാധുനിക സൗകര്യമുള്ള വാഹന സൗകര്യവും ലഭ്യമാണ്.

രണ്ട് സാധാരണ ആംബുലൻസ്, ആറ് 108 ആംബുലൻസ് സർവീസ്, അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ടർ സൗകര്യമുള്ള ഏഴ് ആംബുലൻസുകൾ, രണ്ട് മിനി ബങ്കൾ എന്നിവയുടെ സ്വയം ആ വ ശ്യാനുസരണം ലഭ്യമാണെന്നും മെഡിക്കൽ ഓഫീസർ പറഞ്ഞു.

സീസണിൽ ഇന്നലെ (16.12.2019) വരെ 32,425 പേർ വിവിധ ആരോഗ്യ പ്രശ്നങ്ങളുമായി സന്നിധാനം സർക്കാർ ആശുപത്രിയിൽ എത്തി. 126 ഹാർട്ട് അറ്റാക്ക്, മൂന്ന് പാമ്പ്കടി, മരം വീണ് പരിക്കേറ്റ 13 പേർ എന്നിങ്ങനെയുള്ള അത്യാഹിതങ്ങളിൽ പെട്ടു വന്നവരിൽ 123 പേരുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞതായും മെഡിക്കൽ ഓഫീസർ അറിയിച്ചു.

(പി.ആർ. ശബരി–184)

## സന്നിധാനം ലഹരിവിമുക്തം

ശബരിമല സന്നിധാനത്ത് ഈ സീസണിൽ കാര്യമായ ലഹരി ഉപയോഗ മോ ലഹരിവസ്തുക്കളുടെ കച്ചവടമോ റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് എക്സൈ സ് അധികൃതർ അറിയിച്ചു. നവംബർ 13 മുതൽ ഇതുവരെ നൂറോളം റെയ്ഡു കൾ നടന്നുവെങ്കിലും സിഗററ്റ്, ബീഡി, മുറുക്കാൻ എന്നിവ ഉപയോഗിക്കു കയും കൈമാറുകയും ചെയ്ത കേസുകൾ മാത്രമാണ് റിപ്പോർട്ട് ചെയ്തിട്ടു ള്ളത്. കോട്പ നിയമപ്രകാരം ഒരാളിൽനിന്നും 200 രൂപ വരെ പിഴ ഈടാക്കാ

വുന്ന കുറ്റകൃത്യമാണിത്.ഇത്തരത്തിൽ 325 കേസുകളിൽ നിന്ന് 65,000 രൂപ പിഴ ഈടാക്കി. സന്നിധാനത്തും പരിസരത്തും ലഹരി ഉപഭോഗം കർശനമായി തടയുന്നതിന് നാൽപതോളം എക്സൈസ് ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നുണ്ട്.

അനധികൃത കച്ചവടം നടത്തിയതുമായി ബന്ധപ്പെട്ട് ശബരിമല ഡ്യൂട്ടി മജിസ്ട്രേറ്റ് സന്നിധാനം പരിസരത്ത് നടത്തിയ റെയ്ഡിൽ രണ്ട് അനധികൃത കച്ചവടക്കാരെ പിടികൂടി. ഡ്യൂട്ടി മജിസ്ട്രേറ്റിന്റെ കോടതി ഹാളിൽ ചോദ്യം ചെയ്യവെ കോടതി ഹാളിൽ നിന്ന് ഇവർ ഇറങ്ങിയോടി. ഈ സംഭവവുമായി ബന്ധപ്പെട്ട് ഡ്യൂട്ടി മജിസ്ട്രേറ്റ് സന്നിധാനം പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിക്കുകയും പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി പ്രതികളിൽ ഒരാളെ പിടികൂടുകയും ചെയ്തു.

സന്നിധാനത്ത് പുകയിലയുടെ ഉപയോഗവും വിൽപ്പനയും നിരോധിച്ചിരിക്കെ അതിന് വിരുദ്ധമായി പുകയില ഉൽപ്പന്നങ്ങൾ ഉപയോഗിച്ചതിന് തമിഴ്നാട് സ്വദേശിയായ കുമരേശൻ എന്നയാൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു. റിമാന്റ് അപേക്ഷ സഹിതം റാന്നി ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരായി.

(പി.ആർ. ശബരി–185)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**ഡിസംബർ**

**DECEMBER 17 2019**



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

*ww.sabarimal.kerala..gov.in, prdsabarimala2020@gmail.com*


---

## ദേവസ്വം വകുപ്പ് മന്ത്രിയുടെ യോഗം ഇന്ന്(18) പമ്പയിൽ

ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ വിലയിരുത്തുന്നതിന് ഇന്ന്(18) വൈകുന്നേരം അഞ്ചിന് പമ്പയിലെ കോൺഫറൻസ് ഹാളിൽ ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രന്റെ അധ്യക്ഷതയിൽ യോഗം ചേരും. ദേവസ്വം ബോർഡ് പ്രസിഡൻറ് അഡ്വ. എൻ. വാസു, ബോർഡ് അംഗങ്ങൾ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിക്കും.

(പി.ആർ. ശബരി-186)

## സൂര്യഗ്രഹണം:  ഡിസംബർ 26 ന് ശബരിമല ശ്രീ ധർമ്മശാസ്താ ക്ഷേത്ര തിരുനട  നാല് മണിക്കൂർ അടച്ചിടും

***നട അടച്ചിടുന്നത്  7.30 മുതൽ 11.30 വരെ***
****മാളികപ്പുറം ,പമ്പ തുടങ്ങിയ  ക്ഷേത്രങ്ങളിലും സമയക്രമം ബാധകം***

2019 ഡിസംബർ 26 ന് നടക്കുന്ന സൂര്യഗ്രഹണം കണക്കിലെടുത്ത് ശബരിമല ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിൽ ഗ്രഹണ സമയത്ത് തിരുനട തുറക്കുന്നതല്ല. സൂര്യഗ്രഹണ ദിവസം രാവിലെ 7.30 മുതൽ 11.30 വരെ ക്ഷേത്രനട അടച്ചിടും. അന്നേ ദിവസം പുലർച്ചെ 3 മണിക്ക് ആണ് ക്ഷേത്രനട തുറക്കുന്നത്. 3.15 മുതൽ 6.45 വരെ നെയ്യഭിഷേകം ഉണ്ടാകും. ശേഷം ഉഷപൂജ കഴിച്ച് 7.30 ന് തിരുനട അടയ്ക്കും.

2019 ഡിസംബർ 26 ന് രാവിലെ 8.06 മുതൽ 11.13 മണി വരെയാണ് സൂര്യഗ്രഹണം.ഗ്രഹണം കഴിഞ്ഞ്  11.30 ന് ക്ഷേത്രനട തുറക്കും. തുടർന്ന് പുണ്യാഹവും കലശാഭിഷേകവും നടക്കും. ഇതിനു ശേഷം 1 മണിക്കൂർ സമയം ഭഗവാന് നെയ്യഭിഷേകം ഉണ്ടായിരിക്കും. കളഭാഭിഷേകത്തിനു ശേഷം ഉച്ചപൂജ. അതു കഴിഞ്ഞ് തിരുനട അടയ്ക്കും.മാളികപ്പുറം, പമ്പ തുടങ്ങിയ ക്ഷേത്രങ്ങളിലും രാവിലെ 7.30 മുതൽ 11.30 വരെ നട അടച്ചിടും. അന്നേ ദിവസം വൈകുന്നേരം ശ്രീകോവിൽ നട തുറക്കുന്നത് 5 മണിക്കായിരിക്കും.

5.30 ഓടെ തങ്ക അങ്കി സ്വീകരിക്കാൻ നിയോഗിക്കപ്പെട്ടവർ തിരുനടയിൽ എത്തി പ്രത്യേക ഹാരം അണിഞ്ഞ് ശരംകുത്തിയിലേക്ക് യാത്ര തിരിക്കും. 6 മണിയോടെ തങ്ക അങ്കി ഘോഷയാത്രയ്ക്ക് ശരംകുത്തിയിൽ വച്ച് ആചാരപൂർവ്വമുള്ള സ്വീകരണം നൽകും. തുടർന്ന് ക്ഷേത്രത്തിലേക്ക് ആനയിക്കും. 6.25 ഓടെ പതിനെട്ടാം പടി കയറി കൊണ്ടു വരുന്ന തങ്ക അങ്കിപ്പെട്ടി  ശ്രീകോവിലിലേക്ക് ക്ഷേത്രതന്ത്രിയും മേൽശാന്തിയും ചേർന്ന് ഏറ്റുവാങ്ങും.ശേഷം തങ്ക അങ്കി ചാർത്തിയുള്ള മഹാദീപാരാധന നടക്കും. തങ്ക അങ്കിയുടെ  ശോഭയിലുള്ള അയ്യപ്പവിഗ്രഹം ദർശിച്ച് പുണ്യം നേടി ലക്ഷക്കണക്കിന് ഭക്തരായിരിക്കും  പ്രാർത്ഥനയോടെ പടിയിറങ്ങുക. രാത്രി 9.30 ന് അത്താഴപൂജ.10.50ന് ഹരിവരാസനം പാടി 11 മണിക്ക് തിരുനട അടയ് ക്കും.

മണ്ഡലപൂജ ദിനമായ ഡിസംബർ 27ന് പുലർച്ചെ 3 മണിക്ക് ക്ഷേത്രനട തുറക്കും.3 .15 മുതൽ 7 മണി വരെ നെയ്യഭിഷേകം. 7.30 ന് ഉഷപൂജ. 8 മണി മുതൽ 9.30 വരെ നെയ്യഭിഷേകം തുടരും. 10 മണിക്കും 11.40നും ഇടയ്ക്കുള്ള കുംഭം രാശിയിൽ തങ്ക അങ്കി ചാർത്തിയുള്ള മണ്ഡലപൂജ നടക്കും. ഉച്ചക്ക് 1 മണിക്ക് നട അടയ്ക്കും.അന്നേ ദിവസം വൈകുന്നേരം 4 മണിക്ക് നട വീണ്ടും തുറക്കും. ദീപാരാധന വൈകുന്നേരം 6.30ന്. അത്താഴപൂജ 9.30 ന്.

രാത്രി 9.50 ന് ഹരിവരാസനം പാടി പൊന്നമ്പലത്തിൻ തിരുനട അടയ്ക്കും.ഇതോടെ 41 ദിവസം നീണ്ടു നിന്ന മണ്ഡലകാലത്തിന് പരിസമാപ്തിയാകും.

മകരവിളക്ക് ഉത്സവത്തിനായി ക്ഷേത്ര തിരുനട ഡിസംബർ 30 ന് വൈകുന്നേരം 5 മണിക്ക് തുറക്കും.2020 ജനുവരി 15 നാണ് മകരവിളക്ക്. ജനുവരി 16 മുതൽ 19 വരെ പടിപൂജ,എഴുന്നെള്ളത്ത് എന്നിവ ഉണ്ടാകും.19 ന് രാത്രി മാളികപ്പുറത്ത് ഗുരുസി നടക്കും.19 ന് രാത്രി വരെ മാത്ര അയ്യപ്പഭക്തർക്ക് കലിയുഗവരദ ദർശനം ഉള്ളൂ.20ന് രാവിലെ പന്തളം കൊട്ടാരം പ്രതിനിധി അയ്യപ്പനെ ദർശിച്ചു കഴിഞ്ഞാൽ ശ്രീകോവിൽ നട അടച്ച് മേൽശാന്തിയും ഒപ്പം രാജപ്രതിനിധിയും പതിനെട്ടാം പടി ഇറങ്ങും. ഇരുവരും പടിക്ക് താഴെ എത്തിയാൽ പിന്നെ താക്കോൽ കൈമാറ്റ ചടങ്ങും പണക്കിഴി നൽകലും നടക്കും. പന്തളം രാജാവിൽ നിന്ന് താക്കോൽ തിരികെ മേൽശാന്തി കൈപ്പറ്റി സന്നിധാനത്തേക്ക് പോകുന്നതോടെ മകരവിളക്ക് ഉത്സവത്തിന് കൊടിയിറങ്ങും.

(പി.ആർ. ശബരി–187)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 17 | 2019 |
|---|---|

## ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664
ww.sabarimal.kerala..gov.in, prdsabarimala2020@gmail.com

---

## പമ്പയിലെ 'പൂങ്കാവനം' ശിൽപ്പാവിഷ്ക്കാരം: ഉദ്ഘാടനം ഇന്ന് (18ന്)

കാനനവാസനായ അയ്യപ്പന്റെ ജനനവും പുണ്യനദിയായ പമ്പയും ഒക്കെ ഉൾപ്പെടുന്ന മനോഹരമായ ശിൽപ്പാവിഷ്ക്കാരം പമ്പയിൽ ബഹു ടൂറിസം-സഹകരണം-ദേവസ്വംവകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ തിരുവിതാംകൂർ ദേവസ്വംബോർഡ് പ്രസിഡന്റ് അഡ്വ. എൻ. വാസുവിന്റെ സാന്നിധ്യത്തിൽ ഇന്ന് (ഡിസംബർ 18ന്) വൈകീട്ട് അഞ്ച് മണിക്ക് ഉദ്ഘാടനം ചെയ്യും. ദേവസ്വംബോർഡിന്റെ നേതൃത്വത്തിൽ പ്രശസ്ത സിനിമാ-കലാസംവിധായകനായ അനിൽ കുമ്പഴയാണ് പമ്പയിലെ ഈ ശിൽപ്പാവിഷ്ക്കാരം യാഥാർഥ്യമാക്കിയത്. പമ്പയിൽ നിന്ന് തീർഥാടനവഴിയായ ഗണപതി കോവിലിലേക്ക് പോകുംവഴിയാണ് കാഴ്ചയ്ക്ക് കൗതുകകരമായ ശിൽപ്പാവിഷ്ക്കാരം സ്ഥിതിചെയ്യുന്നത്. ശബരിമലയിൽനിന്ന് ഉത്ഭവിക്കുന്ന പമ്പയാറും മണികണ്ഠനെ പന്തളം രാജാവിന് ലഭിച്ച കാനനപശ്ചാത്തലവും, പർണ്ണശാലയും, മണികണ്ഠന്റെ സന്തതസഹചാരികളായ പുലികളും അടങ്ങുന്ന ശിൽപ്പാവിഷ്ക്കാരമാണ് ഇവിടെ തീർഥാടകർക്ക് കാണാവുന്നത്. തീർഥാടകരിൽ പ്രത്യേകിച്ച്

കുട്ടികൾക്ക് മണികണ്ഠന്റെ ജനന സംബന്ധമായ കഥ പ്രതിപാദിക്കുന്ന തരത്തിലാണ് ശിൽപ്പാവിഷ്ക്കാരം സജ്ജമാക്കിയിട്ടുള്ളത്.

(പി.ആർ. ശബരി–188)

## ശബരിമല നാളത്തെ(18.12.19 )ചടങ്ങുകൾ

പുലർച്ചെ 2.45 ന് പള്ളിയുണർത്തൽ
3 മണിക്ക് തിരുനട തുറക്കൽ
3.05 ന്      നിർമ്മാല്യ ദർശനം
3.10 ന്      അഭിഷേകം
3.20 ന്      നെയ്യഭിഷേകം
(3.20 മുതൽ 7 മണിവരെ
8 മണി മുതൽ 11.15 വരെയും)
3.30 ന്      ഗണപതിഹോമം
7.30 ന്      ഉഷപൂജ
11.50 ന്     കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30ന്      ഉച്ചപൂജ
തുടർന്ന്   1 മണിക്ക് നട അടയ്ക്കും.
4 മണിക്ക്  നട തുറക്കൽ
6.30ന്       ദീപാരാധന
7 മണിക്ക്   പുഷ്പാഭിഷേകം
9.30 ന്       അത്താഴപൂജ
രാത്രി 10.50 ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.